സ്വർണ്ണ കള്ളക്കടത്ത് കേസുകൾ

31 [1163] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര കള്ളക്കടത്ത് കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ടെന്നും എത്ര കിലോ സ്വർണ്ണം പിടികൂടിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) ഇതേ കാലയളവിൽ പുതുതായി എത്ര സ്വർണ്ണാഭരണശാലകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടെന്നും അവയിലൂടെ എത്ര കിലോഗ്രാം തൂക്കം സ്വർണ്ണാഭരണങ്ങൾ ശരാശരി വിറ്റഴിക്കുന്നുണ്ടെന്നും ആ ഇനത്തിൽ പ്രതിവർഷം എത്ര തുക വിൽപ്പന നികുതി ഇനത്തിൽ സർക്കാരിന് ലഭിക്കുന്നുണ്ടെന്നും അറിയിക്കാമോ;

(സി) സംസ്ഥാനത്തെ സ്വർണ്ണാഭരണശാലകൾ വ്യാപകമായി വിൽപ്പന നികുതി വെട്ടിപ്പ് നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ഇ) സ്വർണ്ണാഭരണ ശാലക്ക് ആവശ്യമായ സ്വർണ്ണം എങ്ങിനെയാണ് അവർക്ക് ലഭിക്കുന്നതെന്നും അറിയിക്കാമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നികുതി വെട്ടിപ്പ് നടത്തുന്നതായി സംശയമുള്ള സ്വർണ്ണാഭരണശാലകളിൽ പരിശോധന നടത്തുകയും പെനാലിറ്റി തുടങ്ങിയ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ഡി ആന്റ് ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

പൊതുവിതരണ സംവിധാനം ആകർഷകമാക്കാൻ പദ്ധതി

32 [1164] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്ന് ജനങ്ങൾ അകലുന്നത് സംബന്ധിച്ച് സർക്കാർ ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പൊതു മാർക്കറ്റിനേക്കാൾ കുറഞ്ഞ വിലയ്ക്ക് മെച്ചപ്പെട്ട സാധനങ്ങൾ പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സംസ്ഥാനത്തിന് ഒട്ടേറെ പ്രശംസ നേടിത്തന്നിരുന്ന പൊതുവിതരണ സമ്പ്രദായം ഇന്ന് ജനങ്ങൾക്ക് താൽപ്പര്യമില്ലാതായ അവസ്ഥ മാറ്റിയെടുക്കാൻ സർക്കാർ എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-6-1997-ൽ കേന്ദ്ര സർക്കാർ റ്റി.പി.ഡി.എസ്. നടപ്പാക്കിയതോടുകൂടി എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങളെ തരംതിരിക്കുകയും എ.പി.എൽ. കാർഡുകൾക്കുള്ള ഭക്ഷ്യ സബ്സിഡി പിൻവലിക്കുകയും ചെയ്തതിനെത്തുടർന്ന് പൊതുവിതരണ കേന്ദ്രങ്ങളിൽ സാധനങ്ങൾ വാങ്ങുന്ന ജനങ്ങളുടെ എണ്ണം കുറഞ്ഞുവരുന്നതായി അനുഭവപ്പെട്ടിട്ടുണ്ട്. 2001 ഫെബ്രുവരി മുതൽ എ.പി.എൽ. വിഭാഗത്തിനുള്ള റേഷൻ പഞ്ചസാര നിർത്തലാക്കി. മേൽപ്പറഞ്ഞ കാരണങ്ങൾ എ.പി.എൽ. വിഭാഗം പൊതുവിതരണകേന്ദ്രങ്ങളിൽ നിന്നും അകലുന്നതിന് ഇടയാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

വർഷം	*വിതരണം നടത്തിയ അരിയുടെ അളവ് മെട്രിക് ടൺ*	*വിതരണം നടത്തിയ ഗോതമ്പിന്റെ അളവ് മെട്രിക് ടൺ*
1996-1997	1517660	494629
1997-1998	1584349	367985
1998-1999	1259488	385065
1999-2000	1263838	228207
2000-2001	501879	35280
2001-2002	449349	99565
2002-2003	440287	157152
2003-2004	521037	150334

(ബി ആന്റ് സി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സൂപ്പർ മാർക്കറ്റുകൾ, ലാഭം മാർക്കറ്റുകൾ, മാവേലി സ്റ്റോറുകൾ എന്നിവ വഴി പൊതുമാർക്കറ്റിലേതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് മെച്ചപ്പെട്ട സാധനങ്ങൾ വിതരണം ചെയ്തുവരുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷം 100 പുതിയ ലാഭം മാർക്കറ്റുകൾ ആരംഭിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. അതിൻപ്രകാരം 21 ലാഭം മാർക്കറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് മാവേലി സ്റ്റോറുകൾ നിലവിലില്ലാത്ത 185 പഞ്ചായത്തുകളിലും ഓരോ മാവേലി സ്റ്റോറുകൾ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. എ.പി.എൽ., ബി.പി.എൽ. തരംതിരിവില്ലാതെ സാർവത്രിക റേഷനിംഗ് സമ്പ്രദായം പുനഃസ്ഥാപിക്കണമെന്നും കേരളത്തിനുള്ള മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പൊതുവിതരണ സംവിധാനം പഴയപടി ആകർഷകമാക്കാൻ കേന്ദ്ര സർക്കാർ തന്നെ സജീവ താൽപ്പര്യം എടുക്കേണ്ടതായുണ്ട്.

റേഷൻ കടകളുടെ പ്രവർത്തനം

33 [1165] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൊത്തം എത്ര റേഷൻകടകൾ പ്രവർത്തിക്കുന്നു എന്നത് താലൂക്ക് തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം പുതിയതായി എത്ര റേഷൻ കടകൾ അനുവദിച്ചു എന്നും നിലവിലുണ്ടായിരുന്ന റേഷൻ കടകളിൽ എത്രയെണ്ണം അടച്ചുപൂട്ടി എന്നും വെളിപ്പെടുത്തുമോ;

(സി) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന ധാന്യങ്ങളുടേയും മറ്റു സാധനങ്ങളുടേയും വിതരണത്തിൽ മുൻകാലത്തേക്കാൾ കുറവ് വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഗുണമേന്മയുള്ള സാധനങ്ങൾ റേഷൻ കടകളിലൂടെ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 30-6-2004-ലെ കണക്കുപ്രകാരം സംസ്ഥാനത്ത് 14131 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. താലൂക്ക് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഈ സർക്കാർ വന്നതിനുശേഷം പുതിയതായി 24 റേഷൻ കടകൾ അനുവദിക്കുകയും 34 റേഷൻ കട ഉടമകൾ അവരുടെ കടകൾ നിർത്തി പോവുകയും ചെയ്തിട്ടുണ്ട്. ഇവിടങ്ങളിൽ ആവശ്യമായ ബദൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന ധാന്യങ്ങളുടേയും മറ്റു സാധനങ്ങളുടേയും വിതരണത്തിൽ മുൻകാലത്തേക്കാൾ കുറവുണ്ടായിട്ടുണ്ട്. എന്നാൽ കഴിഞ്ഞ മൂന്നു മാസങ്ങളിലായി അരിയുടേയും ഗോതമ്പിന്റേയും വിതരണത്തിൽ നേരിയ വർദ്ധന ഉണ്ടായിട്ടുണ്ട്.

(ഡി) ഗുണമേന്മയുള്ള സാധനങ്ങളാണ് റേഷൻ കടകളിലൂടെ വിതരണം ചെയ്തുവരുന്നത്. ഗുണമേന്മയില്ലാത്ത അരി വിതരണത്തിനെടുക്കരുതെന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുമുണ്ട്.

---

† നിയമസഭാലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly